**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20** **01-02-2023 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവീസ് മേഖലയിൽ മലയാളികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഐ.എ.എസ്., ഐ.പി.എസ്. പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | സിവിൽ സർവീസ് മേഖലയിൽ മലയാളികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | കേരളത്തിലെ സിവിൽ സർവീസ് ഉദ്യോഗാർത്ഥികൾക്ക്, ഗുണനിലവാരമുള്ള കോച്ചിംഗ് നൽകുകയെന്ന ഉദ്ദേശത്തോടെ, 2005-ൽ കേരള സർക്കാർ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ (സി.സി.ഇ.കെ) കീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി സ്ഥാപിച്ചു. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി അതിന്റെ തുടക്കം മുതൽ തന്നെ, കേന്ദ്ര സിവിൽ സർവീസിലെ ഉന്നത സ്ഥാനങ്ങളിലെത്തുന്നതിൽ യുവമനസ്സുകളെ വാർത്തെടുക്കുന്നതിൽ മികവിന്റെ കേന്ദ്രമായി ഇടം നേടിയിട്ടുണ്ട്. രാജ്യത്തെ മുൻനിര സിവിൽ സർവീസുകളിൽ കേരളത്തിന്റെ പ്രാതിനിധ്യം തുച്ഛമായിരിക്കുകയും പരിശീലന കേന്ദ്രങ്ങൾ ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ അക്കാദമി ആരംഭിച്ചത്. സംസ്ഥാനത്തെ മറ്റ് ജില്ലകളിലേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള വ്യാപകമായ ആവശ്യം കണക്കിലെടുത്ത് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗാർത്ഥികൾക്ക് താരതമ്യേന മിതമായ നിരക്കിൽ മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുക എന്നതാണ് അക്കാഡമിയുടെ സ്ഥാപിത ലക്ഷ്യം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. യു.പി.എസ്.സി മെയിൻസ് പാസ്സായ കുട്ടികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ "അഡോപ്ഷൻ |

| | | | |
|---|---|---|---|
| | | | സ്കീം" പ്രകാരം, അഭിമുഖ പരിശീലനവും, UPSC ഡൽഹിയിൽ വച്ച് നടത്തുന്ന ഇന്റർവ്യൂവിന് പോയിവരുന്നതിനുള്ള ഉദ്യോഗാർഥികളുടെ എയർ ടിക്കറ്റ് ചാർജ്, ഡൽഹി കേരള ഹൗസിലെ താമസം, ഭക്ഷണം എന്നിവക്കുള്ള ചിലവും സിവിൽ സർവീസ് അക്കാഡമി വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ